## പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5) കൺവീനറുടെ നടപടിക്രമം

(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ സ്കന്തരാജൻ, അശ്വതി, ശ്രീമൂർത്തി നഗർ, കൊല്ലങ്കോട് എന്നയാൾ ബഹു. മുഖ്യമന്ത്രി മുമ്പാകെ നൽകിയ പരാതി

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 23.07.2024</u>**

മേൽ സൂചന പ്രകാരം ശ്രീ സ്കന്തരാജൻ, അശ്വതി, ശ്രീമൂർത്തി നഗർ, കൊല്ലങ്കോട് എന്നയാൾ ബഹു. മുഖ്യമന്ത്രി മുമ്പാകെ നൽകിയ പരാതി പരിഗണിക്കുന്നതിനായി സ്ഥിരം അദാലത്ത് സമിതിക്ക് ലഭ്യമായിട്ടുണ്ട്. നിർമാണം പൂർത്തീകരിച്ച ഭവനത്തിന് കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ ലഭിച്ചില്ലെന്നതാണ് പരാതി. ടി പരാതി പരിഗണിച്ചു. കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ കേരള പഞ്ചായത്ത് കെട്ടിടനിർമാണചട്ടത്തിലെ ചട്ടം 67 പാലിക്കാത്തതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാത്തതെന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതിക്കാരനെ കേട്ടു. വീടിനു പുറത്തായി നിർമിച്ച ടോയ്ലറ്റ്, ചട്ടപ്രകാരമുള്ള നിശ്ചിത അകലം പാലിക്കുന്നില്ല. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം ശരിയായ കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. കൂടാതെ റേഷൻ കാർഡ് ഗ്യാസ് കണക്ഷൻ മുതലായവ ലഭിക്കുന്നതിനായി കെട്ടിടത്തിനു UA നമ്പർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഒപ്പ്

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ സ്കന്തരാജൻ, അശ്വതി, ശ്രീമൂർത്തി നഗർ, കൊല്ലങ്കോട്